# കേരം കേരളത്തെ സമ്പന്നമാക്കട്ടെ

കേരളത്തിന്റെ സാമ്പത്തിക സുസ്ഥിതിയുടെ അടിത്തറയാകാൻ ശേഷിയുള്ള ഉൽപ്പന്നമാണ് നീര. എന്നാൽ ഇതിന്റെ സാധ്യതകൾ വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തുന്നതിന് ഇന്നോളം കഴിഞ്ഞിട്ടില്ലെന്നത് തികച്ചും ഖേദകരമായ കാര്യമാണ്. കേരളത്തിലെ മൊത്തം തെങ്ങുകളിൽ വെറും പത്തിലൊന്ന് വർഷത്തിൽ മുന്നൂറു ദിവസം മാത്രം നീര ചെത്താനായി ഉപയോഗിച്ചാൽ സംസ്ഥാനത്ത് അധികമായുണ്ടാകുന്നത് 54000 കോടി രൂപയുടെ വരുമാനമാണ്. ഇത്ര ആകർഷകമായ സാധ്യത നിലനിൽക്കെ കൊപ്രയും വെളിച്ചെണ്ണയുമെന്ന അച്ചുതണ്ടിനു ചുറ്റിനുമായി ഇന്നാട്ടിലെ കേരകർഷകരെ വട്ടം കറക്കിക്കൊണ്ടിരുന്നത് ആരുടെ നിക്ഷിപ്തതാൽപര്യമായാലും അനുവദിച്ചുകൂടാ. അറബിനാടുകൾക്ക് ക്രൂഡ് ഓയിലെന്ന പോലെ തെങ്ങെന്ന വിഭവസാധ്യതയാണ് കേരളത്തിനു മുന്നിൽ തലയുയർത്തി നിൽക്കുന്നത്. സ്വിറ്റ്സർലാൻഡിനും മറ്റും സമാനമായ പ്രതിശീർഷ വരുമാന സാധ്യതയിലേക്കു കേരളത്തിനു വളരുന്നതിനും ഇതിലൂടെ സാധിക്കുമെന്നു വ്യക്തമാകുന്നു. ഇന്ത്യയെന്ന വൻവിപണിയിലെ വെറും ഒരു ശതമാനം ജനങ്ങൾ പ്രതിദിനം ഒരു പെപ്സിക്കുപ്പിയിൽ കൊള്ളുന്നത്ര നീര കുടിച്ചാലും കേരളത്തിലെ മുഴുവൻ തെങ്ങുകളും അതിനായി ചെത്തേണ്ടി വന്നേക്കാം. അതിനു തുല്യമായ പണമാണ് നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയിലേക്ക് എത്തിച്ചേരുക. നീരയുടെ മുന്നിലുള്ള കടമ്പകളെല്ലാം നീക്കം ചെയ്ത് കേരളത്തിന്റെ ഭാവി സാധ്യതയുടെ നേരെ വാതിൽ തുറക്കാൻ ബന്ധപ്പെട്ടവർ തയാറാകട്ടെ.

പത്രാധിപർ